പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ.261

11.12.2014 ൽ

മറുപടിക്ക്

## പുഴകളുടെ പുനരുജ്ജീവനം

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ :

ശ്രീ.വി.റ്റി.ബൽറാം :

ശ്രീ.ഹൈബി ഈഡൻ :

ശ്രീ.സണ്ണി ജോസഫ് :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ)<br><br>(ബി) | പുഴകളുടെ പുനരുജ്ജീവനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;<br><br>എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | ഉണ്ട്. സംസ്ഥാനത്തെ നാശോൻമുഖമായി ക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണ ത്തിനായി "പുഴ മുതൽ പുഴ വരെ" എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി മുഖേന നദികളുടെ തീരങ്ങളിൽ ഫല വൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിച്ച് നദീതീരങ്ങളെയും നദികളെയും സംരക്ഷി ക്കുക, അനധികൃത മണൽ വാരൽ, അനധികൃത കയ്യേറ്റം എന്നിവ തടഞ്ഞ് നദികളിൽ അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്തും നദികളിലെ ജൈവ - ഭൗതിക വ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെ നീരൊഴുക്ക് സംരക്ഷിക്കുക എന്നതുമാണ് ഉദ്ദേശിക്കു – ന്നത്. നദീസംരക്ഷണ പദ്ധതികളുമായി ബന്ധപ്പെട്ട് 17.11.2014 ൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ വരട്ടാർ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് റവന്യൂ റീസർവ്വേ ടീമിലെ ജീവനക്കാരുടെ സേവനം ഉപയോഗപ്പെ – ടുത്തി വരട്ടാറിലെ അനധികൃത കയ്യേറ്റങ്ങൾ സർവ്വെ നടത്തി റിപ്പോർട്ട് ചെയ്യുവാൻ പത്തനംതിട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. |
| (സി) | എന്തെല്ലാം പ്രവർത്തനങ്ങളാണ് പദ്ധതി യുടെ ഭാഗമായി നടത്തുന്നത്; | (സി) | "പുഴ മുതൽ പുഴ വരെ" എന്ന ഒരു പദ്ധതിയിൽ ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളെ മാതൃകാ പദ്ധതിയിലുൾപ്പെ ടുത്തി ആദ്യഘട്ടമായി ഭാരതപ്പുഴയുടെ 527 |

| | | | |
|---|---|---|---|
| | | | ഏക്കർ (മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം മുതൽ തിരുനാവായ വരെയുള്ള 3 കി.മീ. റോഡിനോട് ചേർന്നുള്ള സ്ഥലം) തീരവും അച്ചൻകോവിലാറിന്റെ 9 ഏക്കർ (പത്തനം - തിട്ട ജില്ലയിൽ അച്ചൻകോവിലാറിന്റെ ഇരു ഭാഗങ്ങളിലും) ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടു പിടിപ്പിച്ച് പരിപാലിക്കുക മുതലായ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി | 15.11.2014 -ലെ സ.ഉ (എം.എസ്) നമ്പർ 475/14/റവ. ഉത്തരവ് പ്രകാരം "പുഴ മുതൽ പുഴ വരെ" നദീസംരക്ഷണ പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായി. ടി പദ്ധതിയുടെ നടത്തിപ്പിനായി 10 കോടി രൂപ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും പദ്ധതിയുടെ നടത്തിപ്പിനായി അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്താനും ILDM -ൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല 28.10.2014-ൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ റവന്യൂ വകുപ്പിന് എറണാകുളം ആസ്ഥാനമായി ഒരു റിവർ മാനേജ്മെന്റ് റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ തത്വത്തിൽ അംഗീകാരം നൽകുകയും ഇത് സംബന്ധിച്ചുള്ള ഉത്തരവ് 04. 12. 2014 ജി. ഒ. (എം. എസ്) നം. 503/14/റവ പുറപ്പെടുവിക്കുകയും ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>സെക്ഷൻ ഓഫീസർ |